ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1998 മുതൽ പ്രവർത്തിക്കുന്ന പീഡിയാക്ട്രിക് കാർഡിയോളജി വിഭാഗത്തിൽ നവജാതശിശുക്കളിലെ ഹൃദയവൈകല്യം കണ്ടെത്തുന്നതിനുള്ള സൗകര്യം ഉണ്ട്. മറ്റു മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗത്തിൽ അതിനുള്ള സൗകര്യമുണ്ട്. ഇതിനുവേണ്ടി കളർഡോപ്ലർ, എക്കോ കാർഡിയോഗ്രാഫി എന്നീ ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കുന്നു. ഗർഭസ്ഥശിശുക്കളിലെ ഹൃദയ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ഫീറ്റർ എക്കോ കാർഡിയോഗ്രാഫി ചെയ്യുന്നു.

(ബി & സി) ഉണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതും ധനലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കാവുന്നതുമാണ്.

(ഡി) ഗർഭസ്ഥശിശുക്കളിൽ ആദ്യത്തെ മൂന്നു മാസങ്ങളിലാണ് ഹൃദയ സംബന്ധമായ തകരാറുകൾ ആരംഭിക്കുന്നത്. ഇതുകൂടാതെ അപൂർവ്വം ചില അസുഖങ്ങൾ (എസ്. വി. റ്റി. ഹാർട്ട് ബ്ലോക്ക്) പിന്നീടുള്ള മാസങ്ങളിലും വരാം.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

9 (*157) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എ. കണാരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവാസി കേരളീയർ വിദേശ രാജ്യങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ അവിടത്തെ എംബസിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(സി) പ്രവാസി കേരളീയരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് സുരക്ഷാ പദ്ധതിക്ക് രൂപം നൽകുമോ ;

(ഡി) വിദേശ രാജ്യങ്ങളിൽ വച്ച് അപകടവും മരണവും സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടാക്കുമോ ;

(ഇ) വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസിയുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കാൻ എംബസിയുമായി ബന്ധപ്പെട്ട് സംവിധാനം ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ)

(എ) പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി പ്രവാസി കേരളീയ കാര്യ വകുപ്പിന് രൂപം കൊടുത്തു. പ്രവാസി കേരളീയർക്കായി ക്ഷേമ പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് പ്രവാസി കേരളീയ ക്ഷേമ ഏജൻസിക്ക് രൂപം നൽകി. അന്യദേശത്തുള്ള തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടാൻ പ്രയോഗിക പരിമിതികളുണ്ടെങ്കിലും പ്രശ്നങ്ങൾ പ്രത്യേകമായി ശ്രദ്ധയിൽ പെടുമ്പോൾ ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ, കോൺസുലേറ്റുകൾ, കേന്ദ്ര വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ ഓഫീസുകൾ, പാസ്പോർട്ട് ഓഫീസുകൾ എന്നിവ വഴി പരിഹാരം കണ്ടുവരുന്നു. വിദേശത്ത് കാണാതാകുന്നവരെ കണ്ടുപിടിക്കുക, അവിടെ മരണമടയുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുവാൻ സഹായിക്കുക, റിക്രൂട്ട്മെന്റ് തട്ടിപ്പിനിരയായി തൊഴിൽ രഹിതരായും നിർദ്ദിഷ്ട വേതനമോ താമസ സൗകര്യമോ ഇല്ലാതെയും അലയുന്നവരെ നാട്ടിലെത്തിക്കുവാനും സുരക്ഷ ഉറപ്പാക്കാനും സഹായിക്കുക എന്നീ പ്രവർത്തനങ്ങൾ നോർക്ക വകുപ്പിൽ നടപ്പാക്കി വരുന്നു. വിദേശത്ത് മരണമടയുന്ന നിർദ്ധനരായ കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനും അപകടത്തിൽപ്പെട്ട് നാട്ടിൽ ചികിത്സക്കെത്താൻ കഴിയാതെ വിഷമിക്കുന്നവർക്കും റിക്രൂട്ട്മെന്റ് തട്ടിപ്പിനിരയായ കേരളീയ സ്ത്രീകളെ നാട്ടിലെത്തിക്കുന്നതിനുമായി എമർജൻസി റിപാട്രിയേഷൻ ഫണ്ട് ഏർപ്പെടുത്തി. 26-2-2001-ലെ ജി. ഒ. (എം. എസ്) 1/2001/ നോർക്ക പ്രകാരം പ്രവാസി മലയാളികൾക്ക് പെൻഷൻ പദ്ധതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രവാസി കേരളീയരിൽ നിന്നും നേരിട്ടോ, അവരുടെ ബന്ധുക്കൾ/ സുഹൃത്തുക്കൾ എന്നിവരിൽ നിന്നോ അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് "നോർക്ക" യിൽ ലഭിക്കുന്ന പരാതികൾ, അപേക്ഷകൾ എന്നിവ അതാത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടുവരുന്നു.

(സി) പ്രവാസി കേരളീയരുടെ സുരക്ഷിതത്വം കണക്കിലെടുത്തുകൊണ്ട് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ പ്രവാസി സുരക്ഷാ സാമൂഹിക ക്ഷേമ പദ്ധതി, പ്രവാസി കുടുംബ ആരോഗ്യ, പ്രവാസി വനിതാ സുരക്ഷാ എന്നീ ഇൻഷ്വറൻസ് പദ്ധതികൾക്ക് സർക്കാർ രൂപം നൽകി നടപ്പാക്കിവരുന്നു.

(ഡി) പ്രവാസി സുരക്ഷാ പദ്ധതികളിൽ അംഗങ്ങളായ വിദേശ മലയാളികൾക്ക് അപകടമോ, അപകടം മൂലം മരണമോ സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകി വരുന്നു.

(ഇ) ചില പ്രത്യേക സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി, വിദേശത്ത് വച്ച് മരണമടയുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ ഒരു എമർജൻസി റിപാട്രിയേഷൻ ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. കൂടാതെ പ്രവാസി സുരക്ഷ പദ്ധതിയിൽ അംഗത്വമുള്ള വിദേശമലയാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly